(സി) പുതുക്കിപ്പണിതു കഴിഞ്ഞ 'എ' തീയേറ്ററിൽ 8 ഓപ്പറേഷൻ ടേബിളും, 'ബി' തീയേറ്ററിൽ ആറ് ഓപ്പറേഷൻ ടേബിളും ഉണ്ട്. തീയേറ്റർ പുതുക്കി പണിതതിനുശേഷം ജനറൽ സർജറി വിഭാഗത്തിന് 5 ടേബിളുകൾ 'എ' തീയേറ്ററിലും 'ബി' തീയേറ്ററിലും കൂടി ഉണ്ട്. സർജിക്കൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിന് ആഴ്ചയിൽ ആറു ദിവസം ഒരു ടേബിൾ ഉണ്ട്. മറ്റു യൂണിറ്റുകൾ എല്ലാം പഴയതുപോലെ അതാതു ടേബിളിൽ തന്നെ ചെയ്യുന്നു.

'ബി' തീയേറ്ററിലെ ആറാമത്തെ ടേബിളിൽ ഓപ്പൺ ഹാർട്ട് സർജറി എല്ലാ ദിവസവും നടത്തുന്നുണ്ട്.

(ഡി) തീയേറ്റർ പുതുക്കിപ്പണിയുന്നതിനു മുമ്പ് ദന്തൽ വിഭാഗത്തിന് ആഴ്ചയിൽ ഒരു ദിവസം 'എ' തീയേറ്ററിൽ ഒരു ടേബിൾ ഉണ്ടായിരുന്നു. 'ബി' തീയേറ്ററിൽ ദന്തൽ വിഭാഗത്തിന് ടേബിൾ ഇല്ലായിരുന്നു.

(ഇ) തീയേറ്റർ പുതുക്കിപ്പണിഞ്ഞതിനുശേഷം 'എ' തീയേറ്ററിലെ ടേബിളിനു പകരം ആഴ്ചയിൽ ഒരു ദിവസം (വ്യാഴാഴ്ച) 'സി' തീയേറ്ററിൽ ഒരു ടേബിൾ അനുവദിച്ചിട്ടുണ്ട്.

(എഫ്) രോഗികളിൽനിന്നും പരാതിയൊന്നും ലഭിച്ചിട്ടില്ല.

(ജി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, പ്രിൻസിപ്പാൾ എന്നിവരടങ്ങുന്ന തീയേറ്റർ മാനേജമെന്റ് കമ്മിറ്റി ദന്തൽ കോളേജിൽ ഇപ്പോൾ നിലവിലുള്ള ഓപ്പറേഷൻ തീയേറ്റർ രണ്ട് മാസത്തിനുള്ളിൽ പുതുക്കിപ്പണിയാൻ തീരുമാനമെടുക്കുകയുണ്ടായി. അതുവരെ വ്യാഴാഴ്ച ദിവസങ്ങളിൽ ഒരു ടേബിൾ 'സി' തീയേറ്ററിൽ അനുവദിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ യൂണിറ്റ്

155 [160] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയോടനുബന്ധിച്ചുള്ള ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ യൂണിറ്റിൽ എത്ര ഡോക്ടർമാരുടെ തസ്തികകളാണ് ഉള്ളത്;

(ബി) ഈ തസ്തികകളിൽ ഏതെങ്കിലും മഴിഞ്ഞുകിടപ്പുണ്ടോ;

(സി) ഈ യൂണിറ്റിലെ ഡോക്ടർമാരുടെ ഡ്യൂട്ടി സമയം എത്രയെന്ന് നിശ്ചപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ യൂണിറ്റിലെ ഡോക്ടർമാരുടെ സേവനം രോഗികൾക്ക് ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(എഫ്) ഇക്കാര്യം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ട്.

(ബി) ഇല്ല.

(സി ആന്റ് ഡി) ഈ യൂണിറ്റിലെ ഡോക്ടർമാരുടെ ജോലി സമയം രാവിലെ എട്ടു മണിമുതൽ ഉച്ചയ്ക്ക് ഒരു മണിവരെയായി നിജപ്പെടുത്തിയിട്ടുണ്ട്.

(ഇ ആന്റ് എഫ്) ഈ യൂണിറ്റിൽനിന്നും രോഗികൾക്ക് സേവനം ലഭിക്കുന്നുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിക്കുള്ള ഫണ്ടിന്റെ ലഭ്യത

156 [161] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി മുളങ്കുന്നത്തുകാവിലേക്ക് മാറ്റുന്നതിനാവശ്യമായ പണികൾ പൂർത്തീകരിക്കുന്നതിനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഫണ്ട് അടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഫണ്ട് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കോൺട്രാക്ടർമാരുടെ ബില്ലുകൾ പ്രയോറിട്ടി അടിസ്ഥാനത്തിലാണ് അനുവദിക്കുന്നത്.

(ബി) ബാധകമല്ല.

തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി മുളങ്കുന്നത്തുകാവിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ

157 [162] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി മുളങ്കുന്നത്തുകാവിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly